(സി) നടത്തിപ്പുകാരായ കമ്പനിക്കാരോട് എഗ്രിമെൻറും പൊന്നും വിലയ്ക്കായി ചെലവായിട്ടുള്ള തുകയും വാങ്ങിക്കൊണ്ട് സ്ഥലം വിട്ടുകൊടുക്കുവാൻ വേണ്ട നിർദ്ദേശം എറണാകുളം റീജിയണൽ ഇൻഡസ്ട്രീസ് ആൻഡ് കാമേഴ്സ് ജായിൻറ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

(ഡി) ഇല്ല.

സ്റ്റാർച്ച് ഫാക്ടറികൾ.

* 935. [25] ശ്രീ. കെ. എം. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാം പഞ്ചവത്സരപദ്ധതിക്കാലത്ത് കോവാപ്പറേറ്റീവ് സൊസൈറ്റി വകയായി എത്ര സ്റ്റാർച്ച് ഫാക്ടറികൾ തുടങ്ങുവാൻ അനുവാദം കൊടുത്തിട്ടുണ്ട് ;

(ബി) അവ ഏതെല്ലാം ;

(സി) കുവപ്പടി എൻ. ഈ. എസ്. ബ്ലോക്ക് ഫണ്ട് ഉപയോഗിച്ച് പുല്ലുവഴിയിൽ ഒരു സ്റ്റാർച്ച് ആൻഡ് സാഗോ ഫാക്ടറി തുടങ്ങുവാൻ അനുവാദം നൽകിയിട്ടുണ്ടോ ;

(ഡി) സൊസൈറ്റി സംഘടിപ്പിച്ച കാലത്ത് കെട്ടിടത്തിൻറെ ചെലവിൻറെ 1/3 ഗ്രാൻറായി കൊടുക്കാമെന്ന് പറഞ്ഞിട്ടുണ്ടോ ;

(ഇ) പിന്നീട് അത് കൊടുക്കയില്ലെന്ന പറഞ്ഞതുകൊണ്ട് കെട്ടിടത്തിൻറെ പണി പൂർത്തിയായിട്ടില്ലെന്നുള്ളകാര്യം ഗവണ്മെൻറിൻറെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(എഫ്) ഗ്രാൻറ കൊടുക്കുകയോ അത് സാദ്ധ്യമല്ലെങ്കിൽ അതുയും സംഖ്യ ലോണായി കൊടുക്കുവാനോ ദയവുണ്ടാകുമോ ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ) :

(എ) ഒരു സ്റ്റാർച്ച ഫാക്ടറി.

(ബി) കുവപ്പടി ബ്ലോക്കിൽ പുല്ലുവഴിയിലുള്ള സ്റ്റാർച്ച ആൻഡ് സാഗോ ഫാക്ടറി.

(സി) ഫാക്ടറി കെട്ടിടത്തിൻറെ ചിലവിൻറെ പകുതി തുക ബ്ലോക്ക ഫണ്ടിൽനിന്നും കൊടുക്കാമെന്ന തീരുമാനിച്ചിരുന്നു.

(ഡി) ഇല്ല.

(ഇ) ചട്ടപ്രകാരം ബ്ലോക്കിൽനിന്നും പകുതി തുക കൊടുക്കാൻ സാദ്ധ്യമല്ലാ എന്ന പിന്നീടുകണ്ടു. പണി പൂർത്തിയാക്കാൻ തുക അനുവദിക്കാനുള്ള അപേക്ഷ പരിഗണനയിലിരിക്കുകയാണ്.

(എഫ്) ഇതു പരിഗണനയിലിരിക്കുകയാണ്.

WRITTEN ANSWERS

മോട്ടോർ അപകടങ്ങൾ.

* 936. [19] ശ്രീ. പി. ആർ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഗതാഗതവുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷത്തിൽ 1963 ഡിസംബർ അവസാനം വരെ സ്റ്റേറ്റിൽ എത്ര മോട്ടോർ അപകടങ്ങൾ ഉണ്ടായി ;

(ബി) എത്ര ആളുകൾക്ക് പരിക്കുപറ്റി; എത്ര ആളുകൾ മൃതിയടഞ്ഞു ;

LIBRARY ARCHIVES Kerala Legislative Assembly